പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T1268 — 01.07.2015 ൽ മറുപടിക്ക്

**മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.തോമസ് ഉണ്ണിയാടൻ :** | | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് നിലവിൽ എന്തെല്ലാം പ്രതിസന്ധികളാണുള്ളത്; വ്യക്തമാക്കുമോ; | (എ) | കേന്ദ്രത്തിൽ നിന്നും അനുവദിക്കുന്ന സബ്സിഡി മണ്ണെണ്ണ പാചക ആവശ്യത്തിനും വിളക്ക് കത്തിക്കുന്നതിനും മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എങ്കിലും കേന്ദ്രവിഹിതത്തിൽ നിന്നും പ്രതിമാസം 2525 കി.ലി മണ്ണെണ്ണ മത്സ്യബന്ധന മേഖലയ്ക്ക് വകമാറ്റി നല്കിവരുന്നു. ഇതിന്റെ ഫലമായി മണ്ണെണ്ണയുടെ ത്രൈമാസ വിഹിതത്തിൽ 7584 കി.ലി. കുറവ് വരുത്തിയിരുന്നു. സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥനയെ തുടർന്ന് വിഹിതം പുനസ്ഥാപിച്ചു തന്നുവെങ്കിലും 2015 ഏപ്രിൽ മാസം മുതലുള്ള വിഹിതത്തിൽ വീണ്ടും കുറവ് വന്നിട്ടുണ്ട്. മത്സ്യബന്ധന മേഖലയക്ക് നോൺ സബ്സിഡി മണ്ണെണ്ണ മാത്രമേ ഉപയോഗിക്കാവൂ എന്ന് കേന്ദ്രത്തിൽ നിന്നും വീണ്ടും കർശന നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സബ്സിഡി മണ്ണെണ്ണ തുടർന്നും മത്സ്യബന്ധന മേഖലയ്ക്ക് വക മാറ്റി നൽകിയാൽ മണ്ണെണ്ണയുടെ വിഹിതം വീണ്ടും കുറയുവാൻ സാധ്യതയുണ്ട്. |
| (ബി) | അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | മത്സ്യബന്ധന മേഖലയക്ക് നല്കിവരുന്ന സബ്സിഡി മണ്ണെണ്ണ തുടർന്നും നല്കുവാൻ അനുവദിക്കണമെന്നും നിലവിലെ വിഹിതം തുടർന്നും നല്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി പ്രധാന മന്ത്രിക്കും കേന്ദ്ര പെട്രോളിയം മന്ത്രിക്കും കത്ത് അയക്കുകയും |

| | | | |
|---|---|---|---|
| | | | ആയതു എം.പിമാരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുമുണ്ട്. കൂടാതെ കേന്ദ്രത്തിൽ നിന്നും വെള്ള മണ്ണെണ്ണ വാങ്ങി സബ്സിഡി നിരക്കിൽ മത്സ്യഫെഡ് വഴി വിതരണം ചെയ്യുവാനുമുള്ള നടപടികൾ മത്സ്യബന്ധന വകുപ്പിൽ സ്വീകരിച്ചുവരുന്നു. |
| (സി) | ഈ ഇനത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര വീതമെന്നു വ്യക്തമാക്കാമോ? | (സി) | കേന്ദ്രത്തിൽ നിന്നും പൊതുവിതരണ സംമ്പ്രദായത്തിലൂടെ ലഭ്യമാകുന്ന സബ്സിഡി മണ്ണെണ്ണയിൽ നിന്നും 2525 കി.ലി. മണ്ണെണ്ണ മത്സ്യബന്ധന മേഖലയ്ക്ക് നല്കിവരുന്നു. |

സെക്ഷൻ ഓഫീസർ